# പതിനാലാം കേരള നിയമസഭ
## പത്തൊൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2670 13.03.2020 ൽ മറുപടിക്ക്**

**വെട്ടിക്കടവ് പാലം സ്ഥലമെടുപ്പ് സംബന്ധിച്ച പ്രൊപ്പോസൽ**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.പി.ടി.എ. റഹീം | | ജി സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) 2019-20 വർഷത്തെ ബഡ്ജറ്റിൽ 20% തുക വകയിരുത്തിയ വെട്ടിക്കടവ് പാലം സ്ഥലമെടുപ്പ് സംബന്ധിച്ച പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ കാലതാമസത്തിനിടയാക്കിയ കാരണങ്ങൾ വിശദമാക്കാമോ; | എ) യും ബി) യും | ചെട്ടിക്കടവ് പാലത്തിന്റെ സ്ഥലമെടുപ്പ് സംബന്ധിച്ച പ്രൊപ്പോസൽ ലഭിച്ചിട്ടില്ല. ചെട്ടിക്കടവ് പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിച്ച് വിശദമായ രൂപരേഖയ്ക്കായി 31.10.2019 ൽ ഡിസൈൻ വിഭാഗത്തിൽ സമർപ്പിച്ചിട്ടുണ്ട്. നിലവിലുള്ള പാലത്തിൽ നിന്ന് ഇടത് ഭാഗത്തായിട്ടാണ് പുതിയ പാലം നിർമ്മിക്കാനുദ്ദേശിക്കുന്നത്. വിശദമായ ഡിസൈൻ ലഭിച്ചാൽ മാത്രമേ അപ്രോച്ച് റോഡിനാവശ്യമായ ഭൂമിയുടെ അളവ് കൃത്യമായി അറിയാൻ കഴിയൂ. കൂടാതെ, നിലവിലുള്ള റോഡിന്റെ വീതി കൂട്ടുന്നതുമായി ബന്ധപ്പെട്ട് സ്ഥലമുടമകളുടെ യോഗം വിളിച്ച് കൂട്ടി തുടർ നടപടികൾ എടുത്തു വരികയാണ്.<br>പ്രസ്തുത പാലത്തിന്റെ ഡിസൈൻ ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ കഴിയുകയുള്ളൂ. |
| ബി) പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ? | | |

സെക്ഷൻ ഓഫീസർ